പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 943 **14-10-2026-ൽ മറുപടിയ്ക്ക്**

കൊണ്ടോട്ടി മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. പി. അഷ്റഫലി ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) ജൽ ജീവൻ മിഷൻ പദ്ധതിയിലൂടെ ഇതുവരെ കൊണ്ടോട്ടി മണ്ഡലത്തിൽ എത്ര വീടുകളിൽ കുടിവെള്ള കണക്ഷൻ നൽകാൻ സാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതി പൂർത്തീകരണത്തിൽ കൊണ്ടോട്ടി മണ്ഡലം കൈവരിച്ച പുരോഗതി വ്യക്തമാക്കാമോ;

മറുപടി: ജൽ ജീവൻ മിഷൻ പദ്ധതിയിലൂടെ ഇതുവരെ കൊണ്ടോട്ടി മണ്ഡലത്തിൽ 33328 വീടുകളിൽ കുടിവെള്ള കണക്ഷൻ നൽകാൻ സാധിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തിനായി കൊണ്ടോട്ടി മണ്ഡലത്തിൽ 19 പാക്കേജുകളിലായി പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. വിശദാംശങ്ങൾ അനുബന്ധം A ആയി ചേർക്കുന്നു.

(ബി) ജലവിഭവ വകുപ്പിന് കീഴിൽ കൊണ്ടോട്ടി മണ്ഡലത്തിൽ അനുമതി ലഭിച്ച കുടിവെള്ള/ നദീസംരക്ഷണ പദ്ധതികളുടെ നിലവിലെ ഭരണാനുമതിയുടെയും നിർമ്മാണത്തിന്റെയും പുരോഗതി വ്യക്തമാക്കാമോ;

മറുപടി: വിവരങ്ങൾ അനുബന്ധം ബി ആയി ചേർക്കുന്നു.

(സി) വേനൽക്കാലത്ത് കടുത്ത കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന കൊണ്ടോട്ടി മണ്ഡലത്തിലെ ഉയർന്ന പ്രദേശങ്ങളിലേക്ക് പുതിയ കുടിവെള്ള പദ്ധതികൾ വിഭാവനം ചെയ്യുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

മറുപടി: നിലവിൽ ഇല്ല.

(ഡി) നിലവിലുള്ള പദ്ധതികളുടെ നവീകരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

മറുപടി: നിലവിലുള്ള പദ്ധതികളിൽ നവീകരണം ആവശ്യമാകുന്ന മുറയ്ക്ക് പ്രസ്തുത പ്രവർത്തികൾ സ്റ്റേറ്റ് പ്ലാൻ,ഡെപ്പോസിറ്റ് മുതലായ പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനുള്ള നടപടികളാണ് പരിഗണനയിൽ.

സെക്ഷൻ ഓഫീസർ

ANNEXURE A

കേരള വാട്ടർ അതോറിറ്റി
L A 943 A കൊണ്ടോട്ടി മണ്ഡലത്തിലെ ജല അതോറിറ്റിക്ക് കീഴിലുള്ള പദ്ധതികൾ

ക്രമ നമ്പർ	പഞ്ചായത്ത്	ഫിനാൻഷ്യൽ ഹെഡ്	ഭരണാനുമതി തുക (ലക്ഷത്തിൽ)	പ്രവൃത്തിയുടെ പേര്	നിലവിലെ അവസ്ഥ
1	വാഴക്കാട്	**ജൽ ജീവൻ മിഷൻ**	1800.00	മലപ്പുറം ജില്ലയിലെ വാഴക്കാട് ഗ്രാമ പഞ്ചായത്തിൽ ബാക്കിയുള്ള വിതരണ ശൃംഖല ഡിസൈൻ ചെയ്ത് വിതരണം ചെയ്ത് സ്ഥാപിച്ച് കമ്മീഷൻ ചെയ്യുന്ന പ്രവൃത്തിയും ഗാർഹിക കണക്ഷൻ നൽകലും - ഫേസ് - 1.	100% പ്രവർത്തി പൂർത്തീകരിച്ചു
2			1816.43	ഫേസ് - 2 - സമ്പ് കം പമ്പ് ഹൗസിന്റെ നിർമ്മാണം, വിതരണ ശൃംഖല സ്ഥാപിക്കൽ, പാലച്ചോല പ്രദേശത്തേക്ക് ബൂസ്റ്റർ ക്രമീകരണങ്ങൾക്കുള്ള വ്യവസ്ഥ ഉൾപ്പെടെ തദ്ദേശ വകുപ്പ് റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തി	15% പ്രവർത്തി പൂർത്തീകരിച്ചു.
3	വാഴയൂർ		1800.00	മലപ്പുറം ജില്ലയിലെ വാഴയൂർ ഗ്രാമ പഞ്ചായത്തിൽ ബാക്കിയുള്ള വിതരണ ശൃംഖല ഡിസൈൻ ചെയ്ത് വിതരണം ചെയ്ത് സ്ഥാപിച്ച് കമ്മീഷൻ ചെയ്യുന്ന പ്രവൃത്തിയും ഗാർഹിക കണക്ഷൻ നൽകലും - ഫേസ് - 1	100% പ്രവർത്തി പൂർത്തീകരിച്ചു
4			410.50	അഴിഞ്ഞിലത്ത് നാഷണൽ ഹൈവേ 66 ന് കുറുകെ 200 എംഎം എം എസ് പൈപ്പ് വിതരണം ചെയ്ത് സ്ഥാപിക്കുന്ന പ്രവൃത്തിയും ഇന്റർകണക്ഷൻ പ്രവൃത്തിയും.	100% പ്രവർത്തി പൂർത്തീകരിച്ചു
5			1050.00	ഫേസ് - 2 - ബാക്കിയുള്ള വിതരണ ശൃംഖലയുടെ പ്രവൃത്തി, ഗാർഹിക കണക്ഷൻ നൽകൽ, തദ്ദേശവകുപ്പ് റോഡുകളുടെ പുനരുദ്ധാരണം എന്നീ പ്രവൃത്തികൾ (reappropriation)	65% പ്രവർത്തി പൂർത്തീകരിച്ചു. പ്രവർത്തി പുരോഗമിക്കുന്നു
6	ചീക്കോട്		1800.00	ചീക്കോട് ഗ്രാമ പഞ്ചായത്തിനുവേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി - വിതരണ ശൃംഖല സ്ഥാപിക്കലും ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തിയും - ഫേസ് 1	100% പ്രവർത്തി പൂർത്തീകരിച്ചു
7			2039.00	ഫേസ് - 2 - ചീക്കോട് ഗ്രാമ പഞ്ചായത്തിൽ ബാക്കിയുള്ള വിതരണ ശൃംഖല സ്ഥാപിച്ച് ഗാർഹിക കണക്ഷൻ നൽകലും, പൊതുമരാമത്ത്/ തദ്ദേശവകുപ്പ് റോഡുകളുടെ പുനരുദ്ധാരണം എന്നീ പ്രവൃത്തികൾ	37% പ്രവർത്തി പൂർത്തീകരിച്ചു. പ്രവർത്തി പുരോഗമിക്കുന്നു
8				41 MLD ജല ശുദ്ധീകരണ ശാലയുടെ കോമ്പൗണ്ട് വാളിന്റെ അറ്റകുറ്റ പണി, മഞ്ഞൊലിപ്പിൽ നിന്നും റോ വാട്ടർ പമ്പിംഗ് മെയിൻ RR Pitching പ്രവൃത്തി വഴി സംരക്ഷിക്കൽ, റോഡ് പരിപാലനം - പൈപ്പ് ലൈൻ പ്രവൃത്തി	100% പ്രവർത്തി പൂർത്തീകരിച്ചു

9	ചെറുകാവ്		1800.00	ഫേസ് 1 - മലപ്പുറം ജില്ലയിലെ ചെറുകാവ് ഗ്രാമ പഞ്ചായത്തിൽ ബാക്കി വിതരണ ശൃംഖല സർവ്വേ നടത്തി ഡിസൈൻ ചെയ്ത് സപ്ലൈ ചെയ്ത് സ്ഥാപിച്ച് കമ്മീഷൻ ചെയ്യുന്ന പ്രവൃത്തിയും ഗാർഹിക കണക്ഷൻ നൽകലും.	100% പ്രവർത്തി പൂർത്തീകരിച്ചു
10			500.00	ചെറുകാവ് പഞ്ചായത്തിൽ ബാക്കിയുള്ള വിതരണ ശൃംഖല സ്ഥാപിച്ച് ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തിയും, പൊതുമരാമത്ത് വകുപ്പ്/തദ്ദേശവകുപ്പ് റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തിയും. - ഫേസ് 1	30% പ്രവർത്തി പൂർത്തീകരിച്ചു
11			1000.00	ഫേസ് - 2 - ചെറുകാവ് ഗ്രാമ പഞ്ചായത്തിൽ ബാക്കി വിതരണ ശൃംഖല സ്ഥാപിക്കലും, റോഡ് പുനരുദ്ധാരണ പ്രവൃത്തിയും (Reappropriation)	33% പ്രവർത്തി പൂർത്തീകരിച്ചു
12	പുളിക്കൽ		1800.00	ഫേസ് - 1 - മലപ്പുറം ജില്ലയിലെ പുളിക്കൽ ഗ്രാമ പഞ്ചായത്തിൽ സർവ്വേയും ഡിസൈനിംഗും നടത്തി ബാക്കി വിതരണ ശൃംഖല വിതരണം ചെയ്ത് സ്ഥാപിച്ച് കമ്മീഷൻ ചെയ്യുന്ന പ്രവൃത്തിയും ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തിയും.	100% പ്രവർത്തി പൂർത്തീകരിച്ചു
13			1316.37	ഫേസ് 2 -പുളിക്കൽ ഗ്രാമ പഞ്ചായത്തിൽ ബാക്കി വിതരണ ശൃംഖല സ്ഥാപിച്ച് ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തിയും, പൊതുമരാമത്ത് വകുപ്പ്/തദ്ദേശ വകുപ്പ് റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തിയും - പൈപ്പ് ലൈൻ പ്രവൃത്തി.	100% പ്രവർത്തി പൂർത്തീകരിച്ചു
			500.00	ഫേസ് 2 -പുളിക്കൽ ഗ്രാമ പഞ്ചായത്തിൽ ബാക്കി വിതരണ ശൃംഖല സ്ഥാപിച്ച് ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തിയും റോഡ് പുനരുദ്ധാരണവും (പുനർവിനിയോഗം)	ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു
15			1800.00	ഫേസ് - 1 - മലപ്പുറം ജില്ലയിലെ മുതുവല്ലൂർ ഗ്രാമ പഞ്ചായത്തിൽ പുതിയ സർവ്വേ അനുസരിച്ച് ബാക്കിയുള്ള വിതരണ ശൃംഖല വിതരണം ചെയ്ത് സ്ഥാപിച്ച് കമ്മിഷൻ ചെയ്യുന്ന പ്രവൃത്തിയും ഗാർഹിക കണക്ഷൻ നൽകലും.	100% പ്രവർത്തി പൂർത്തീകരിച്ചു

16	മുതുവല്ലൂർ		938.00	ഫേസ് - 2 - മുതുവല്ലൂർ ഗ്രാമ പഞ്ചായത്തിൽ ബാക്കിയുള്ള വിതരണ ശൃംഖല വിതരണം ചെയ്ത് സ്ഥാപിച്ച് കമ്മിഷൻ ചെയ്യുന്ന പ്രവൃത്തി	100% പ്രവർത്തി പൂർത്തീകരിച്ചു
17				മുതുവല്ലൂർ ഗ്രാമ പഞ്ചായത്തിൽ പൊതുമരാമത്ത് വകുപ്പ് റോഡുകളിൽ ബാക്കി പൈപ്പ് ലൈൻ പ്രവൃത്തി	100% പ്രവർത്തി പൂർത്തീകരിച്ചു
18				മുതുവല്ലൂർ ഗ്രാമ പഞ്ചായത്തിൽ ബാക്കി വിതരണ ലൈൻ സ്ഥാപിച്ച് ഗാർഹിക കണക്ഷൻ നൽകലും, പൊതുമരാമത്ത് വകുപ്പ്/തദ്ദേശ വകുപ്പ് റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തിയും - പൈപ്പ് ലൈൻ പ്രവൃത്തി	100% പ്രവർത്തി പൂർത്തീകരിച്ചു
19				ഫേസ് - 3 - മുതുവല്ലൂർ ഗ്രാമ പഞ്ചായത്തിൽ ബാക്കി വിതരണ ശൃംഖല സ്ഥാപിക്കലും റോഡ് പുനരുദ്ധാരണ പ്രവൃത്തിയും. (reappropriation)	80% പ്രവർത്തി പൂർത്തീകരിച്ചു